# പതിനൊന്നാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

ബുള്ളറ്റിൻ – ഭാഗം 1
(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2002 മാർച്ച് 11, തിങ്കൾ

നമ്പർ 50

രാവിലെ 9.00 മണിയ്ക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ചരമോപചാരം:-**

മുൻ കേരള നിയമസഭാംഗങ്ങളായിരുന്ന ശ്രീമതി സുശീലാഗോപാലൻ, ശ്രീ. എം. തോമസ്, ശ്രീ. തോമസ് കല്ലമ്പള്ളി, മുൻ രാജ്യസഭാംഗം ശ്രീ. അരങ്ങിൽ ശ്രീധരൻ, മുൻ നിയമസഭാ സെക്രട്ടറി ഡോ. ആർ പ്രസന്നൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി.

അന്തരിച്ച മഹദ്വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം മൗനം ആചരിച്ചു.

**ശ്രദ്ധക്ഷണിക്കൽ:-**

1. സംസ്ഥാനത്തെ ശുദ്ധജലപദ്ധതികൾ സ്വകാര്യവത്ക്കരിക്കാനുള്ള സർക്കാർ നീക്കം മൂലം ഉളവായിട്ടുള്ള പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. രാജു എബ്രഹാം ജലസേചനവും ജലവിതരണവും വകുപ്പു മന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.
2. ജി. വി. രാജ സ്പോർട്ട്സ് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. മോഹനകുമാർ, വനവും സ്പോർട്ട്സും വകുപ്പു മന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. വനവും സ്പോർട്ടും വകുപ്പുമന്ത്രിയ്ക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പു മന്ത്രി മറുപടി പറഞ്ഞു.

**ഗവർണ്ണറുടെ സന്ദേശം :-**

2002 മാർച്ച് 8-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് ഗവർണ്ണർ നൽകിയ മറുപടി സ്പീക്കർ സഭയെ അറിയിച്ചു.

**സ്പീക്കറുടെ പ്രസ്താവന:-**

2002 മാർച്ച് 8-ാം തീയതി നിയമസഭാംഗങ്ങളെയും വഹിച്ചുകൊണ്ട് എം.എൽ.എ. ഹോസ്റ്റലിലേയ്ക്കു പോയ കെ.എസ്.ആർ.ടി.സി. ബസ്സിന്റെ നേരെ കയ്യേറ്റമുണ്ടായപ്പോൾ അസാമാന്യധീരത പ്രദർശിപ്പിച്ച പ്രസ്തുത ബസ്സ് ഡ്രൈവർക്ക് 5000രൂപ കാഷ് അവാർഡു നൽകാൻ തീരുമാനിച്ചിട്ടുള്ളതായി സ്പീക്കർ അറിയിച്ചു.

**മേശപ്പുറത്ത് വച്ചകടലാസ് :**

കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2001 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന റിപ്പോർട്ട് (റവന്യു റസീപ്റ്റ്സ്) മേശപ്പുറത്ത് വച്ചു.

**തിരുത്തൽ സ്റ്റേറ്റ്മെന്റ് :-**

2002-2003 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 5, 20, 114, 123, 135 എന്നീ ഖണ്ഡികകളിലും അനുബന്ധരേഖകളിലുമുള്ള പിശകുകൾ തിരുത്തികൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ മേശപ്പുറത്തു വച്ചു. ( അജണ്ടയിൽ ഉൾപ്പെടാത്ത ഇനം)

**ധനകാര്യം :-**

2002-2003 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുചർച്ച ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. എൻ. സുന്ദർ നാടാർ (ഡെപ്യൂട്ടി സ്പീക്കർ)
2. ഡോ. തോമസ് ഐസക്
3. ശ്രീ. ആര്യാടൻ മുഹമ്മദ്

4. ശ്രീ. കെ. പി. രാജേന്ദ്രൻ
5. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
6. ശ്രീ. സി. കെ. നാണു
7. ശ്രീ. മാമ്മൻ മത്തായി
8. ശ്രീ. പി. സി. ജോർജ്ജ്
9. ശ്രീ. കെ.കെ. ഷാജു
10. ശ്രീ. വി.സി. കബീർ
11. ശ്രീ. ഷിബു ബേബി ജോൺ
12. ശ്രീ. എ.എ. അസീസ്
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. കെ. മുഹമ്മദാലി
15. ശ്രീ. എ. പി. അനിൽകുമാർ
16. ശ്രീ. അടൂർ പ്രകാശ്
17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീ. ടി.എച്ച് മുസ്തഫ
19. ശ്രീ. കെ. രാധാകൃഷ്ണൻ

ചർച്ച പൂർത്തിയായില്ല.

2002 മാർച്ച് 13-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക്ശേഷം 4.02ന് സഭ പിരിഞ്ഞു.

കെ.ആർ ഉദയഭാനു
സെക്രട്ടറി.